ശ്രീ. എം. രാമുണ്ണി: ഈ ബോർഡിന്റെ രൂപീകരണത്തിൽ മലബാർ വിഭാഗത്തുള്ളവരെ തീരെ അവഗണിച്ചിരിക്കുകയാണു്. മലബാർ ഭാഗത്തുള്ളവർക്കു കൂടി ഇതിൽ പ്രാതിനിദ്ധ്യം കൊടുക്കുന്നതിനുവേണ്ടി ഇപ്പോഴെ നോമിനേറു ചെയ്തിട്ടുള്ള പതിനൊന്നു പേരിൽ ഒരാളുടെ പേരു് ഡ്രോപ്പു് ചെയ്തിട്ടു് മലബാറിലുള്ള ഒരാളെ കൂടി ഇതിൽ നോമിനേറു ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിക്കുമോ?

ശ്രീ. ടി. വി. തോമസു്: കോർപ്പറേഷൻ ഒരു ജോയിൻറു സ്റ്റോക്കു് കമ്പനിയാണു്. പതിനൊന്നു പേരാണു് ബോർഡിൽ ഉള്ളതു്. ഇപ്പോഴെ നോമിനേറു ചെയ്തവരിൽനിന്നും ആരെയെങ്കിലും ഡ്രോപ്പു് ചെയ്യാനുള്ള അധികാരമില്ല. മാത്രമല്ല അങ്ങനെ ചെയ്യുകയാണെങ്കിൽ നിയമപരമായി അതു് ശരിയായിരിക്കുകയില്ല.

നാഷണൽ ഹൈവേയിലെ കേടുവന്ന പാലങ്ങൾ

* 119. [418] ശ്രീ. എ. പി. കുര്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മരാമത്തുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നമ്മുടെ നാഷണൽ ഹൈവേയിൽ (എൻ. എച്ചു്. 47-ൽ) കേടുവന്നിട്ടുള്ള പാലങ്ങൾ പുതുക്കിപ്പണിയുന്നതിനു് എന്തെങ്കിലും നടപടി സ്വീകരിക്കുന്നുണ്ടോ;

(ബി) എങ്കിൽ എന്തു നടപടിയെന്നു പറയുമോ;

(സി) ഇങ്ങനെ എത്ര പാലങ്ങൾക്കു് കേടുപറ്റിയിട്ടുണ്ടു്;

(ഡി) അങ്കമാലിക്കടുത്തുള്ള മംഗലത്താഴംപാലം ഇക്കൂട്ടത്തിൽ പെടുമോ?

മരാമത്തുമന്ത്രി (ശ്രീ. ടി. കെ. ദിവാകരൻ):

(എ) ഉണ്ടു്.

(ബി) മൂന്നാം പഞ്ചവത്സരപദ്ധതിയിൽ മുന്നു് പാലങ്ങൾ പുതുക്കി പണിയുന്നതിനു് കേന്ദ്രഗവണ്മെൻറിന്റെ അനുവാദം ലഭിച്ചിട്ടുണ്ടു്. നാലാംപദ്ധതിയിൽ കേടുവന്ന 13 പാലങ്ങൾ പുതുക്കി പണിയുന്നതിനുള്ള പദ്ധതി കേന്ദ്രഗവണ്മെൻറിനു് സമർപ്പിച്ചിട്ടുണ്ടു്. ഇവയിൽ 1969–70 സാമ്പത്തിക വർഷത്തിൽ നാലു പാലങ്ങളുടെ പണി ഏറെറടുക്കുന്നതിനു് കേന്ദ്രഗവണ്മെൻറിന്റെ അംഗീകാരം കിട്ടിയിട്ടുണ്ടു്. മറു രണ്ടു പാലങ്ങൾകൂടി ഇക്കൊല്ലംതന്നെ പുതുക്കിപ്പണിയുന്നതിനു് ഇൻഡ്യാ ഗവണ്മെൻറിന്റെ അനുവാദം ചോദിച്ചിട്ടുണ്ടു്.

(സി) പതിനാറു് എണ്ണം.

(ഡി) കേന്ദ്രഗവണ്മെൻറിന്റെ അംഗീകാരം ലഭിച്ചിട്ടുള്ളതിൽ മംഗലത്താഴം പാലവും ഉൾപ്പെടുന്നു.

ശ്രീ. എ. പി. കുര്യൻ: ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ ഉത്തരത്തിൽ 1969–70 സാമ്പത്തിക വർഷത്തിൽ നാലു പാലങ്ങളുടെ പണി ഏറെറടുക്കുന്നതിനു് കേന്ദ്രഗവണ്മെൻറിന്റെ അംഗീകാരം കിട്ടിയിട്ടുണ്ടെന്നു് പറയുകയുണ്ടായി. അതിന്റെ പ്രവൃത്തി എന്നത്തേക്കു് ആരംഭിക്കും?

ശ്രീ. ടി. കെ. ദിവാകരൻ: നാഷണൽ ഹൈവേയിലുള്ള പാലങ്ങൾ പുതുക്കിപ്പണിയുന്നതിനു് കേന്ദ്രഗവണ്മെൻറിന്റെ അനുവാദം ആവശ്യമാണു്. 1969–70–ൽ നാലു പാലങ്ങൾ പണിയുന്നതിനുള്ള അനുവാദം കേന്ദ്രഗവണ്മെൻറിൽനിന്നും കിട്ടിയിട്ടുണ്ടു്. അതിൽ മംഗലത്താഴം പാലവും ഉൾപ്പെടും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. കൃഷ്ണൻ (ആലത്തൂർ): കണ്ണാടിത്തോട് പാലം വളരെ അപകടനിലയിൽനില്ക്കുന്ന ഒന്നാണു്. ആ പാലത്തിൽക്കൂടി സഞ്ചരിച്ചു് അപകടം പറ്റി രണ്ടുപേർ മരണമടയുകയുണ്ടായി. അതുകൊണ്ടു് കഴിയുന്നതും വേഗം ആ പാലം പുതുക്കിപണിയുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ടി. കെ. ദിവാകരൻ: ആ പാലം ഉൾപ്പെടുത്തിയിട്ടുണ്ടോ ഇല്ലയോയെന്നു് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. എ. എസ്. എൻ. നമ്പീശൻ: നാലു പാലങ്ങൾ പുതുക്കി പണിയുന്നതിനുള്ള അനുവാദം കിട്ടിയിട്ടുണ്ടെന്നും, പിന്നീടു് രണ്ടു പാലങ്ങൾ കൂടി പുതുക്കി പണിയുന്നതിനുള്ള അനുവാദം കേന്ദ്രഗവണ്മെൻറിനോടു ചോദിച്ചിട്ടുണ്ടെന്നും പറഞ്ഞു. അതു് ഏതെല്ലാമാണെന്നു് വ്യക്തമാക്കാമോ?

ശ്രീ. ടി. കെ. ദിവാകരൻ: മംഗലത്താഴപ്പാലം, പൂവമ്പാറ പാലം, കളമശ്ശേരി പാലം ആലുവ-ഇടപ്പള്ളി റോഡിലുള്ള ഒരു പാലം, ഇത്തിക്കരപാലം ചന്ദ്രഗിരി പുഴ പാലം ഇവയാണു്.

ശ്രീ എ. എസ്. എൻ. നമ്പീശൻ: കുറുമാലി പാലം വളരെക്കാലമായി അപകടനിലയിൽ നിൽക്കുകയാണു്. ആ പാലം കൂടി ഇതിന്റെ കൂട്ടത്തിൽ ഉൾപ്പെടുത്തി പുതുക്കി പണിയുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ടി. കെ. ദിവാകരൻ: മൂന്നാം പഞ്ചവൽസരപദ്ധതിയിൽ അനുവാദം ലഭിച്ചിട്ടുള്ള മുന്നു പാലങ്ങളുടെ കൂട്ടത്തിൽ കുറുമാലി പാലവും ഉൾപ്പെട്ടതാണു്. കുറുമാലി പാലത്തെ സംബന്ധിച്ചിടത്തോളം ടെണ്ടർ വിളിച്ചുവെങ്കിലും അതനുസരിച്ചുള്ള കരാർ ഉറപ്പിക്കുന്നതിനു് സാങ്കേതികമായ ചില പ്രയാസങ്ങളുണ്ടു്. അതു വീണ്ടും ടെണ്ടർ വിളിക്കുകയും അതനുസരിച്ചു് കരാർ ഉറപ്പിക്കുകയും ചെയ്തിട്ടുണ്ടു്. മഴക്കാലം കഴിഞ്ഞാലുടനെ അതിന്റെ പണി ആരംഭിക്കുന്നതാണു്.

ശ്രീ. കെ. എ. ശിവരാമഭാരതി: പറളി പാലത്തിൽ കുറെ നാളുകളായി ''ഡെയിൻജർ'' എന്ന ബോർഡു വെച്ചിരിക്കുകയാണു്....

മി. സ്പീക്കർ: അതു് നാഷണൽ ഹൈവേയിലുള്ള പാലമാണോ?

ശ്രീ. കെ. എ. ശിവരാമഭാരതി: നാഷണൽ ഹൈവേയിൽപ്പെട്ടതല്ലെങ്കിലും വളരെ പ്രധാനപ്പെട്ട ഒരു പാലമാണു്. ആ പാലം വളരെ അപകടനിലയിൽ നില്ക്കുകയാണു്. കഴിയുന്നതുംവേഗം ആ പാലം പുതുക്കി പണിയുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

മി. സ്പീക്കർ: അതിനു് ഉത്തരം പറയാൻ ബഹുമാനപ്പെട്ട മന്ത്രിക്കു് സാധിക്കുമോ?

ശ്രീ. ടി. കെ. ദിവാകരൻ: അതിനുത്തരം പറയാൻ പ്രത്യേകം നോട്ടീസു് വേണം.

ശ്രീ. കെ. കരുണാകരൻ: മംഗലത്താഴപ്പാലം പുതുക്കി പണിയാൻ പോകുന്നുവെന്നു പറഞ്ഞു. ആ പാലം ഇപ്പോഴുള്ള സ്ഥാനത്തുതന്നെയാണോ പണിയുന്നതു്? അതോ ഇന്നുള്ള വളവു മാറിയിട്ടാണോ പണിയുന്നതു്?

ശ്രീ. ടി. കെ. ദിവാകരൻ: സാങ്കേതികമായ വിദഗ്ദ്ധാഭിപ്രായത്തെ ആശ്രയിച്ചാണു് പണിയുന്നതു്. അതിന്റെ അലൈൻമെൻറു ഗവണ്മെൻറു് പരിശോധിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബി. മാധവൻ നായർ: നാഷണൽ ഹൈവേകളും കടന്നുപോകുന്ന ബൈപാസുകളും പാലങ്ങളും പണിതുടങ്ങാത്തതു് എന്തുകൊണ്ടാണു്? അവ പണി തുടങ്ങുന്നതിനു് കേന്ദ്രഗവണ്മെൻറിൽനിന്നും അംഗീകാരം ലഭിച്ചിട്ടുണ്ടോ?

ശ്രീ. ടി. കെ. ദിവാകരൻ: നാഷണൽഹൈവേ കടന്നുപോകുന്ന പട്ടണങ്ങൾക്കു സമീപമുള്ള ബൈപാസുകളുടേയും പാലങ്ങളുടേയും പണി തുടങ്ങുന്ന കാര്യം കേന്ദ്രഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടു്. കേന്ദ്രഗവണ്മെൻറിൻെറ സാമ്പത്തിക നിലവച്ചു് ഇപ്പോഴും അവയെല്ലാം ലോ പ്രയോറിറ്റി കൊടുക്കുകയെന്നുള്ള നടപടിയാണു് സ്വീകരിച്ചിട്ടുള്ളതു്.

ശ്രീ. ബി. മാധവൻനായർ: കേരളത്തിൻെറ തലസ്ഥാന നഗരിയായ തിരുവനന്തപുരത്തുകൂടി കടന്നുപോകുന്ന നാഷണൽ ഹൈവേയിലുള്ള ബൈപാസുകൾക്കും പാലങ്ങൾക്കും മുൻഗണന കൊടുക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ടി. കെ. ദിവാകരൻ: തിരുവനന്തപുരത്തെ ബൈപാസ്സിനെക്കാൾ അടിയന്തിരമായി പണികൾ തീർക്കേണ്ട ചില ബൈപാസ്സുകൾ ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടു്.

ശ്രീ. എ. വി. കുഞ്ഞമ്പു: വളപട്ടണത്തുള്ള പാലത്തിൻെറ പണിയ്ക്കു അനുവാദം ലഭിച്ചുതായി ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതായി കേട്ടില്ല. അതിനു് അനുവാദം ലഭിച്ചിട്ടുണ്ടോ, അതിൻെറ പ്രവൃത്തി എന്നത്തേക്കു് ആരംഭിക്കുമെന്നു് പറയാമോ?

ശ്രീ. ടി. കെ. ദിവാകരൻ: വളപട്ടണം നാഷണൽ ഹൈവേയിൽ പ്പെടുന്നതല്ല. വെസ്റ്റുകോസ്റ്റ് റോഡിൽ പെടുന്നതാണു്. അതിനു കേന്ദ്രഗവണ്മെൻറിൻെറ അനുവാദം ലഭിക്കുകയും ടെൻറർ വിളിക്കുകയും ചെയ്തിട്ടുണ്ടു്.

ശ്രീ. ആർ. എസ്സ് ഉണ്ണി: കൊല്ലത്തു് എവിടെയെല്ലാം ബൈപാസുകൾ വേണമെന്നു തീരുമാനിച്ചിട്ടുണ്ടോ? അവിടെ നാഷണൽ ഹൈവേയിൽ പുതുതായി എത്ര പാലങ്ങൾ പണിതിട്ടുണ്ടു്? ഏതെങ്കിലും പാലം കൊല്ലത്തു് നാഷണൽ ഹൈവേയിൽ പണിയാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ടി. കെ. ദിവാകരൻ: കൊല്ലത്തുള്ള നാഷണൽ ഹൈവേയുടെ അലൈൻമെൻറു് ഗവണ്മെൻറു് അപ്രൂവു് ചെയ്തിട്ടുണ്ടു്. പണിതുടങ്ങുന്ന കാര്യത്തെ സംബന്ധിച്ചിടത്തോളം അനുമതി ലഭിച്ചിട്ടില്ല. അവിടെ സ്ഥലങ്ങളുടെ വിലവർദ്ധനവിനെ പരിഗണിച്ചു് ബൈപാസ്സുകൾക്കു് മുൻഗണന നൽകണമെന്നു് കേന്ദ്രഗവണ്മെൻറിനോടു് പ്രത്യേകമായി അഭ്യർത്ഥിച്ചിട്ടുണ്ടു്. പാലങ്ങളുടെ കാര്യം, നീണ്ടകര പാലത്തിൻെറ കാര്യമാണെന്നു തോന്നുന്നു ബഹുമാനപ്പെട്ട മെമ്പർ ഉദ്ദേശിക്കുന്നതു്, അതിൻെറ പണി ഇപ്പോഴും നടന്നുകൊണ്ടിരിക്കുകയാണു്.

ശ്രീ. പി. ഗംഗാധരൻ: നാഷണൽ ഹൈവേയിൽ വരുന്ന ചാലക്കുടി പാലത്തിൻെറ പുതുക്കിപ്പണിയൽ ഏതുവരെയായി എന്നു പറയാമോ?

ശ്രീ. ടി. കെ. ദിവാകരൻ: പണി തീരാറായി.

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാടു്): പാലക്കാടു് പട്ടണത്തിൽ നാഷണൽ ഹൈവേക്കു് ബൈപാസ്സു് റോഡുകളും ഉണ്ടാക്കുന്ന കാര്യം പ്രത്യേകമായി പരിഗണിക്കുമോ?

ശ്രീ. ടി. കെ. ദിവാകരൻ: ബൈപാസ്സു് റോഡുകളും എല്ലാ പ്രധാനപ്പെട്ട പട്ടണങ്ങളിലുമുണ്ടു്.

ശ്രീ. പി. കുഞ്ഞൻ: നാഷണൽ ഹൈവേയിലെ റോഡുകളുടേയും പാലങ്ങളുടേയും പണിക്കു് കാലതാമസം വരുന്നതു് കേരള ഗവണ്മെൻറു് കേന്ദ്ര ഗവണ്മെൻറിനു നൽകുന്ന പ്ലാൻ ശരിയല്ലാത്തതുകൊണ്ടും, വളരെയധികം തകരാറുകളും കാണുന്നതുകൊണ്ടുമാണെന്നും കേൾക്കുന്നതു് ശരിയാണോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ദിവാകരൻ: ഇവിടെനിന്നു് അയച്ചിട്ടുള്ള എസ്റ്റിമേറുകൾക്കു് ചില വിശദാംശങ്ങളും ആവശ്യമാണെന്നു പറഞ്ഞുകൊണ്ടു് അവിടെനിന്നും ഇങ്ങോട്ടു് അയക്കാറുണ്ടു്. അതിനു മറുപടി കൊടുക്കുക എന്നുള്ളതു് കാലതാമസത്തിനിടയാക്കുന്നതാണു്.

ജില്ലകളും തമ്മിൽ വിമാന സർവ്വീസു്

*120 [419] ശ്രീ. ഇ അഹമ്മദു്
ശ്രീ. പി. എം അബൂബേക്കർ } താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഗതാഗതമന്ത്രി സദയം മറുപടിനല്കുമോ;

(എ) ജില്ലകൾ തമ്മിൽ വിമാനസർവ്വീസു് ഏർപ്പെടുത്തുന്നതുള്ള വല്ല പരിപാടിയും ഗവണ്മെൻറിൻറെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഈ പരിപാടിയുടെ പ്രവർത്തനങ്ങൾ എത്രമാത്രം പുരോഗമിച്ചു;

(സി) കണ്ണൂരിലെ പ്രവർത്തനരഹിതമായ വിമാനത്താവളം ഈ ആവശ്യത്തിനു് ഉപയോഗിക്കാനുദ്ദേശിക്കുന്നുണ്ടോ;

(ഡി) കോഴിക്കോടു് ഒരു വിമാനത്താവളം എന്നേക്കു നിലവിൽവരുമെന്നു് പറയാമോ?

ഗതാഗതമന്ത്രി (ശ്രീ. ഇ. കെ. ഇമ്പിച്ചിബാവാ): (എ, ബി) ജില്ലകൾ തമ്മിൽ വിമാനസർവ്വീസു് ഏർപ്പെടുത്തുന്നതുള്ള സാദ്ധ്യതയെക്കുറിച്ചു് അന്വേഷിച്ചുവരികയാണു്.

(സി) കണ്ണൂരിലെ വിമാനത്താവളം ഉപയോഗയോഗ്യമാക്കിത്തീർക്കുന്നതിനു വേണ്ടിവരുന്ന ചിലവിൻറെ എസ്റ്റിമേറു് തയ്യാറാക്കി അയക്കുവാൻ കണ്ണൂർ എക്സിക്യൂട്ടീവു് എൻജിനീയറോടു് ആവശ്യപ്പെട്ടിട്ടുണ്ടു്.

(ഡി) എപ്പോൾ നിലവിൽ വരുമെന്നു് തീർത്തുപറയാൻ സാദ്ധ്യമല്ല.

ശ്രീ. ഇ. അഹമ്മദു്: കണ്ണൂർ വിമാനത്താവളത്തിൻറെ എസ്റ്റിമേറു് എടുക്കുകയും യാണെന്നുപറഞ്ഞു. എക്സിക്യൂട്ടീവു് എൻജിനീയറുടേയും അവിടെയുള്ള ഉദ്യോഗസ്ഥന്മാരുടേയും തടസ്സംമൂലമാണു് പ്രവർത്തനം നടത്താൻ സാധിച്ചിട്ടില്ലെന്നുള്ളതു് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? പഴയകാലത്തെ വിമാനത്താവളമായ കണ്ണൂരിലെ വിമാനത്താവളം ഒരു നല്ല വിമാനത്താവളമായി ഉപയോഗിക്കാനുള്ള സാദ്ധ്യതയുള്ള കാര്യംകൂടി ബഹുമാനപ്പെട്ട മന്ത്രി കേന്ദ്രഗവണ്മെൻറിൻറെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞമാതിരിയുള്ള തടസ്സമുള്ളതായി റിപ്പോർട്ടു് കിട്ടിയിട്ടില്ല. എന്തായാലും അതേപ്പറ്റി അന്വേഷിച്ചു് വേണ്ടതു ചെയ്യാം.

ശ്രീ. പി. എം. അബൂബേക്കർ: കോഴിക്കോടു് വിമാനത്താവളം എപ്പോഴെങ്കിലും നിലവിൽവരുമെന്നു പറയുവാൻ സാധിക്കുകയില്ലെന്നു പറഞ്ഞു. കോഴിക്കോടു് വിമാനത്താവളത്തിൻറെ സ്ഥലമെടുപ്പു് നടപടി നിറുത്തിവയ്ക്കുന്നതിനു് ഗവണ്മെൻറു് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ ?

ശ്രീ. ഇ. കെ ഇമ്പിച്ചിബാവ: നിർദ്ദേശമൊന്നും നൽകിയിട്ടില്ല. വിമാനത്താവളത്തിനാവശ്യമായ സ്ഥലമെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കു് നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിനുള്ള നടപടികളും എടുത്തുകൊണ്ടിരിക്കുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly